File No.AGRI-PU3/40/2020-AGRI

3547
11/3/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (കാംകോ) - കണ്ണൂരിലെ വലിയവെളിച്ചം യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ 45 തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (പി.യു) വകുപ്പ്

G.O.(Ms) No.39/2021/AGRI തീയതി,തിരുവനന്തപുരം, 25/02/2021

പരാമർശം:- 1) സ.ഉ. (സാധാ) നമ്പർ. 81/2013/എഡി. തീയതി 17/01/2013.

2) കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 05/02/2020, 06/10/2020 തീയതികളിലെ KB2/48, 18/05/2020-ലെ KB2/54, 27/10/2020, 11/01/2021, 13/02/2021 തീയതികളിലെ KAMC/MD/GD നമ്പർ കത്തുകൾ.

3) 09/01/2021 തീയതിയിലെ 3995-ാം നമ്പർ കാംകോ ഡയറക്ടർ ബോർഡ് യോഗ തീരുമാനം

## ഉത്തരവ്

കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന് കീഴിൽ കണ്ണൂർ ജില്ലയിലെ വലിയവെളിച്ചത്ത് പ്രോഡക്ട്സ് ഡെവലപ്മെന്റ് സെന്ററും നൃജനറേഷൻ പവർ ടില്ലർ യൂണിറ്റും ആരംഭിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന്റെ വലിയവെളിച്ചം യൂണിറ്റ് 2016 ജനുവരിയിൽ പ്രവർത്തനം ആരംഭിച്ചിരുന്നെങ്കിലും പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ ലഭ്യമാകാതെയിരുന്നതിനാൽ കാംകോയുടെ മറ്റു യൂണിറ്റുകളിൽ നിന്നും അത്യാവശ്യമുള്ള ജീവനക്കാരെ നിയോഗിച്ച് പ്രവർത്തിച്ചു വരികയായിരുന്നു. വലിയവെളിച്ചം യൂണിറ്റിന്റെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിന് ആദ്യ ഘട്ടത്തിൽ അത്യന്താപേക്ഷിതമായ 55 തസ്തികകൾ സർക്കാർ അനുമതിക്ക് വിധേയമായി സൃഷ്ടിക്കുന്നതിന് 06.01.2020-ൽ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തത്വത്തിൽ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. കാംകോയുടെ തനത് വരുമാനത്തിൽ നിന്നാണ് കോർപ്പറേഷന്റെ ഭരണപരമായ ചിലവുകൾ വഹിച്ചു വരുന്നത് എന്നും തസ്തിക സൃഷ്ടിക്കുന്നത് മൂലം സർക്കാരിന് പ്രത്യേക സാമ്പത്തിക ബാധ്യതയൊന്നും ഉണ്ടാകുന്നില്ലെന്നും കാംകോ മാനേജിങ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന്റെ കണ്ണൂർ വലിയവെളിച്ചം യൂണിറ്റ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിനാവശ്യമായ 38 സ്ഥിരം തസ്തികകളും 07 ദിവസ വേതനാടിസ്ഥാനത്തിലുള്ള തസ്തികകളും ഉൾപ്പെടെ 4 5 തസ്തികകൾ ചുവടെ ചേർക്കുംപ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

**Officer Category**

| Sl.No. | Designation | Proposed Strength |
|---|---|---|
| 1 | General Manager (Technical) | 1 |
| 2 | Manager (Works) | 1 |
| 3 | Assistant Manager (Technical) | 3 |
| 4 | Superintendent (Finance) | 1 |

| | | |
|---|---|---|
| 5 | Superintendent (HR) | 1 |
| 6 | Assistant Engineer | 3 |
| | **Total** | **10** |

**Workmen Category**

| Sl.No. | Designation | Proposed Strength |
|---|---|---|
| 1 | Charge-hand (E) | 1 |
| 2 | Charge-hand (P) | 1 |
| 3 | Chief Mechanic | 2 |
| 4 | Accountant | 1 |
| 5 | Assistant | 1 |
| 6 | Technical Assistant | 3 |
| 7 | Driver cum Attendant | 1 (On daily wages) |
| 8 | Security Assistant | 3 (On daily wages) |
| 9 | Mechanic | 10 |
| 10 | Electrician | 1 |
| 11 | Painter | 2 |
| 12 | Peon | 1 (On daily wages) |
| 13 | Sweeper | 2 (On daily wages) |
| 14 | Work Assistant | 6 |
| | **Total** | **35** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BOBY ANTONY
ADDITIONAL SECRETARY

മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്, അത്താണി.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
കൃഷി ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ്. [ഇനം. 4837 തീയതി 24-02-2021]
ധനകാര്യ (പിയു-ബി) വകുപ്പ്. [യു.ഒ. നമ്പർ. PU-B1/37/2020-FIN (E: 1496069) തീയതി 12/02/2021]
ആസൂത്രണ സാമ്പത്തിക കാര്യ (ബി പി ഇ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്. [മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിന്റെയും 24-02-2021-ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പിന്റെയും (ഇനം .4837) പകർപ്പ് സഹിതം]
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2021

ഫയൽ നം. AGRI-PU3/40/2020-AGRI. ഇനം നം: 4837

വിഷയം : കൃഷി വകുപ്പ് - കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്, കണ്ണൂരിലെ വലിയവെളിച്ചം യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ 45 തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

24/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | AGRI -PU3/40/2020-AGRI |
| 2 | വകുപ്പ് | കൃഷി (പി.യു.) വകുപ്പ് |
| 3 | വിഷയം | കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് - കണ്ണൂരിലെ വലിയവെളിച്ചം യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ 45 തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 18.02.2021 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ബോബി ആന്റണി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ഇഷിതാ റോയ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 23.02.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ. വി.എസ്. സുനിൽകുമാർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23.02.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ (കാംകോ) ലിമിറ്റഡിന്റെ കണ്ണൂർ വലിയവെളിച്ചം യൂണിറ്റിന്റെ പൂർണ്ണമായ പ്രവർത്തനത്തിന് ആവശ്യമായ, 45 തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2. 17.01.2013-ലെ ജി.ഒ.(ആർ.റ്റി.) നം.81/13/എ.ഡി. സർക്കാർ ഉത്തരവ് പ്രകാരം കണ്ണൂരിലെ വലിയവെളിച്ചത്ത് പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് സെന്ററും, ന്യൂജനറേഷൻ പവർ ടില്ലർ യൂണിറ്റും ആരംഭിക്കുവാൻ സർക്കാർ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത യൂണിറ്റ് 2016 ജനുവരിയിൽ പ്രവർത്തനം ആരംഭിച്ചിരുന്നെങ്കിലും പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ ലഭ്യമാകാതെയിരുന്നതിനാൽ കാംകോയുടെ മറ്റു യൂണിറ്റുകളിൽ നിന്നും അത്യാവശ്യമുള്ള ജീവനക്കാരെ നിയോഗിച്ച് ടി യൂണിറ്റ് പ്രവർത്തിച്ചു വരുന്നതായി കാംകോ മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. 06.01.2020-ൽ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാന പ്രകാരം വലിയവെളിച്ചം യൂണിറ്റിന്റെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിന് ആദ്യ ഘട്ടത്തിൽ അത്യന്താപേക്ഷിതമായ 55 തസ്തികകൾ സർക്കാർ അനുമതിക്ക് വിധേയമായി സൃഷ്ടിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു.

4. കാംകോയുടെ വലിയവെളിച്ചം യൂണിറ്റിന്റെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ വർക്ക്മെൻ കാറ്റഗറിയിലെ 40 തസ്തികകളും ഓഫീസർ കാറ്റഗറിയിലെ 15 തസ്തികകളും സർക്കാരിന് പ്രത്യേക സാമ്പത്തിക ബാധ്യതയൊന്നും വരുത്തരുത് എന്ന നിബന്ധനയിൽ സൃഷ്ടിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു:-

*"KAMCO യുടെ ഓരോ യൂണിറ്റിലും നിലവിലുള്ള അംഗീകൃത തസ്തികകളുടെ വിവരങ്ങൾ ( ബന്ധപ്പെട്ട post creation ഉത്തരവുകൾ സഹിതം), അതിൽ നിന്നും പുതിയ യൂണിറ്റിലേക്ക് പുനർവിന്യസിക്കുവാൻ കഴിയുന്ന തസ്തികകൾ എന്നീ വിവരങ്ങളും ശരിയായ work study നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കേണ്ടുന്ന തസ്തികകളുടെ അനിവാര്യത പരിശോധിക്കുവാനും ഒപ്പം ജി . ഒ. ( ആർ . റ്റി. ) നം .81/13/ എ . ഡി. തീയതി 17/01/2013 ഉത്തരവിന്റെ പകർപ്പും വലിയവെളിച്ചത്തെ യൂണിറ്റ് പ്രവർത്തന ലാഭം കൈവരിക്കുമെന്ന് ഉറപ്പാക്കുന്ന 5 year Action plan നും GO(P) No.102/2016/FIN dated 22/07/2016 ഉത്തരവ് പ്രകാരമുള്ള Man power statement ഉം സഹിതം വ്യക്തമായ ശുപാർശയോടു കൂടി ഫയൽ ലഭ്യമാക്കുവാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു."*

5. യൂണിറ്റ് തിരിച്ചുള്ള നിലവിലുള്ള തസ്തികാവിന്യാസത്തിൽ പ്രതിപാദിച്ചിരിക്കുന്ന ജീവനക്കാരുടെ അംഗബലം അതാത് യൂണിറ്റിന്റെ പ്രവർത്തനത്തിന് അനിവാര്യമാണെന്നിരിക്കെ, ടിയാളുകളെ വലിയവെളിച്ചം യൂണിറ്റിലേക്ക് പുനർവിന്യസിക്കാനുള്ള സാഹചര്യമില്ലെന്ന് കാംകോ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. Work study നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കേണ്ടുന്ന തസ്തികകളുടെ അനിവാര്യത പരിശോധിക്കുവാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ വലിയവെളിച്ചം യൂണിറ്റിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് വലിയവെളിച്ചം യൂണിറ്റിലേയ്ക്ക് സൃഷ്ടിക്കേണ്ട തസ്തികകൾ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ (KSPC) കാംകോ ചുമതലപ്പെടുത്തുകയുണ്ടായി. വലിയവെളിച്ചം യൂണിറ്റിലേയ്ക്കു സൃഷ്ടിക്കേണ്ട തസ്തികകൾ

സംബന്ധിച്ചും, യൂണിറ്റ് പ്രവർത്തനലാഭം കൈവരിക്കുന്നത് സംബന്ധിച്ചും വിശദമായ പഠനം നടത്തി കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് 17/10/2020-ൽ ചേർന്ന 363-ാമത് ബോർഡ് യോഗം അംഗീകരിക്കുകയും കമ്പനിയുടെ യൂണിറ്റുകളും, ഉല്പന്നശ്രേണിയും വിപുലമായതിനാൽ കോർപ്പറേറ്റ് തലത്തിലും, വിവിധ യൂണിറ്റുകളുടെ ചുമതല നിറവേറ്റുന്നതിനായി റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ള സീനിയർ മാനേജർ തസ്തിക ജനറൽ മാനേജർ തസ്തികയായി ഉയർത്തുവാൻ തീരുമാനിക്കുകയും ചെയ്തു. ശിപാർശ ചെയ്തിട്ടുള്ള 54 തസ്തികകൾക്കും, ടി തസ്തികകളിൽ നേരിട്ട് നിയമനം നടത്തേണ്ട, മാനേജർ (വർക്ക്സ്) ഒരു തസ്തികയിലേയ്ക്കും, അസിസ്റ്റന്റ് മാനേജർ (ടെക്ക്നിക്കൽ)-ന്റെ 4 തസ്തികകളിലേയ്ക്കും ചട്ടപ്രകാരം സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് നിയമനം നടത്തുന്നതിന് 09/01/2021-ലെ ബോർഡ് യോഗതീരുമാനം 3995 പ്രകാരം കാംകോ മാനേജിംഗ് ഡയറക്ടർ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുകയുമുണ്ടായി. കാംകോയുടെ തനത് വരുമാനത്തിൽ നിന്നാണ് കോർപ്പറേഷന്റെ ഭരണപരമായ ചിലവുകൾ വഹിച്ചുവരുന്നത് എന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് പ്രത്യേക സാമ്പത്തിക ബാദ്ധ്യതയൊന്നും ഉണ്ടാകുന്നില്ലെന്നും തസ്തിക സൃഷ്ടിക്കുന്നതുമൂലം വരുന്ന വാർഷിക സാമ്പത്തിക ബാദ്ധ്യത 203.04 ലക്ഷം രൂപയാണ് എന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച കാംകോ ഡയറക്ടർ ബോർഡ് തീരുമാന പ്രകാരം മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി സമർപ്പിച്ചപ്പോൾ ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:-

"Kerala Agro Machinery Corporation-ന്റെ (KAMCO) കണ്ണൂരിലെ വലിയവെളിച്ചം യൂണിറ്റ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിനാവശ്യമായ താഴെ പറയുന്ന 45 (38 സ്ഥിരം + 07 ദിവസ വേതനടിസ്ഥാനത്തിൽ) തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനവകുപ്പ് അംഗീകാരം നൽകുന്നു .

**Officer Category**

| Sl.No. | Designation | Proposed Strength |
|---|---|---|
| 1 | General Manager(Technical) | 1 |
| 2 | Manager (Works) | 1 |
| 3 | Assistant Manager (Technical) | 3 |
| 4 | Superintendent (Finance) | 1 |
| 5 | Superintendent (HR) | 1 |
| 6 | Assistant Engineer | 3 |
| | **Total** | **10** |

**Workmen Category**

| Sl.No. | Designation | Proposed Strength |
|---|---|---|
| 1 | Charge-hand (E) | 1 |
| 2 | Charge-hand (P) | 1 |
| 3 | Chief Mechanic | 2 |
| 4 | Accountant | 1 |
| 5 | Assistant | 1 |
| 6 | Technical Assistant | 3 |
| 7 | Driver cum Attendant | 1 (On daily wages) |
| 8 | Security Assistant | 3 (On daily wages) |
| 9 | Mechanic | 10 |

| | | |
|---|---|---|
| 10 | Electrician | 1 |
| 11 | Painter | 2 |
| 12 | Peon | 1 (On daily wages) |
| 13 | Sweeper | 2 (On daily wages) |
| 14 | Work Assistant | 6 |
| | Total | 35 |

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

6. കേരള അഗ്രോ മെഷിനറി കോർപ്പറേഷന്റെ (KAMCO) കഞ്ചിക്കോട് ... കണ്ണൂരിലെ വലിയവെളിച്ചം യൂണിറ്റ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ധനകാര്യ വകുപ്പ് അംഗീകരിച്ചതിൻ പ്രകാരമുള്ള 45 തസ്തികകൾ (38 സ്ഥിരം + 07 ദിവസ വേതനാടിസ്ഥാനത്തിൽ) സൃഷ്ടിക്കുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന്റെ കണ്ണൂർ വലിയവെളിച്ചം യൂണിറ്റ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിനാവശ്യമായ 45 തസ്തികകൾ (38 സ്ഥിരം + 07 ദിവസ വേതനാടിസ്ഥാനത്തിൽ), മേൽ ഖണ്ഡിക 5-ൽ ധനകാര്യ വകുപ്പ് അംഗീകരിച്ചത് പ്രകാരം സൃഷ്ടിച്ച് ഉത്തരവാകാമോ?

GOVERNMENT OF KERALA
(SHRI.PINARAYI VIJAYAN MINISTRY)

## NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No | AGRI-PU3/40/2020-AGRI |
| 2 | Department | Agriculture (PU) Department |
| 3 | Subject | Creation of 45 posts for the functioning of Kannur Valiyavelicham Unit of Kerala Agro Machinary Corporation Limited – Reg. |
| 4 | Date of Chief Minister's order for placing before the Council | 18.02.2021 |
| 5 | (i) Does the case involve financial commitment/ implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | Yes<br>Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No<br>No |
| 7 | Name of Additional Secretary who submitted the Draft Note | Shri. Boby Antony |
| 8 | Name of the Principal Secretary who approved the Draft Note | Smt. Ishita Roy |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 23.02.2021 |
| 10 | Name of Chief Secretary who approved the Draft Note | Dr. Vishwas Mehta |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 23.02.2021 |
| 12 | Name of Minister who approved the Draft Note | Adv. V.S. Sunil Kumar. |
| 13 | Date of approval of the Draft Note for the Council by the Minister | 23.02.2021 |
| 14 | Date of submission of fair copies | 23.02.2021 |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O/letter communicating the decision. | |

# NOTE FOR THE COUNCIL OF MINISTERS

The subject matter of this note is creation of 45 posts for the complete functioning of Kannur Valiyavelicham Unit of Kerala Agro Machinary Corporation Limited.

2. Government, as per G.O(Rt)No.81/13/AD dated 17.01.2013, have accorded sanction for setting up of Products Development Centre and New Generator Power Tiller Unit at Valiyavelicham at Kannur. The Managing Director, Kerala Agro Machinary Corporation Limited has reported that, eventhough the Valiyavelicham unit had started functioning from January, 2016, due to the lack of sufficient employees, the Corporation has deployed employees from other units for its smooth functioning.

3. On the basis of the decision taken in the meeting, Chaired by Honourable Minister(Agriculture) held on 06.01.2020, in-principal approval has been accorded for the creation of 55 posts, which is essential for the smooth functioning of Valiyavelicham Unit, subject to the approval of Government.

4. When the remarks of Finance Department was sought for regarding the creation of 40 posts of Workmen category and 15 posts in Officer category in Valiyavelicham Unit, Kannur, for the smooth functioning of the unit, without making any financial liability to Government , that Department offered the following remarks:-

*"KAMCO യുടെ ഓരോ യൂണിറ്റിലും നിലവിലുള്ള അംഗീകൃത തസ്തികകളുടെ വിവരങ്ങൾ ( ബന്ധപ്പെട്ട post creation ഉത്തരവുകൾ സഹിതം), അതിൽ നിന്നും പുതിയ യൂണിറ്റിലേക്ക് പുനർവിന്യസിക്കുവാൻ കഴിയുന്ന തസ്തികകൾ എന്നീ വിവരങ്ങളും ശരിയായ work study നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കേണ്ടുന്ന തസ്തികകളുടെ അനിവാര്യത പരിശോധിക്കുവാനും ഒപ്പം ജി . ഒ. ( ആർ . റ്റി. ) നം .81/13/ എ . ഡി. തീയതി 17/01/2013 ഉത്തരവിന്റെ പകർപ്പും വലിയവെളിച്ചത്തെ യൂണിറ്റ് പ്രവർത്തന ലാഭം കൈവരിക്കുമെന്ന് ഉറപ്പാക്കുന്ന 5 year Action plan നും GO(P) No.102/2016/FIN dated 22/07/2016 ഉത്തരവ് പ്രകാരമുള്ള Man power statement ഉം സഹിതം വ്യക്തമായ ശുപാർശയോടു കൂടി ഫയൽ ലഭ്യമാക്കുവാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു."*

5. The Managing Director, Kerala Agro Machinary Corporation Limited has reported that there is no scope to deploy the staffs to Valiyavelicham Unit since, the present staff pattern (unit wise) is very essential for the smooth functioning of each unit. Based on the direction of Government, Kerala State Productivity Council (KSPC) has been assigned to conduct a proper workstudy and to check the inevitability of posts to be created, to increase the production in Valiyavelicham Unit of Kerala Agro Machinary Corporation Limited at Kannur District. The Kerala State Productivity Council submitted the report after detailed study on the posts to be created in Valiyavelicham unit and the report regarding the profitability of the Unit. The report was approved by the 363rd Board meeting of Kerala Agro Machinary Corporation Limited held on 17.10.2020. As the Company's units and product range expanded, it was

decided to upgrade the post of Senior Manager to General Manager as recommended in the report. Thereafter the Managing Director, Kerala Agro Machinary Corporation Limited has submitted a revised proposal as per Board Resolution No.3995 dated 09/01/2021 for making appointment as per the guidelines of Government as per the rules on one post of Manager (Works) and 4 posts of Assitant Manager (Technical) out of the recommended 54 posts. The Managing Director, Kerala Agro Machinary Corporation Limited has reported that the administrative costs for the purpose will be met from the own revenue of the Corporation, the Government will have no financial obligation in this regard and the annual financial committment will be Rs.203.04 lakh. As per the aforesaid KAMCO Board decision, Managing Director, KAMCO submitted revised proposal and the same was forwarded to Finance Department. Then that Department remarked as follows:-

"Kerala Agro Machinery Corporation-ന്റെ (KAMCO) കണ്ണൂരിലെ വലിയവെളിച്ചം യൂണിറ്റ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിനാവശ്യമായ താഴെ പറയുന്ന 45 (38 സ്ഥിരം + 07 ദിവസ വേതനടിസ്ഥാനത്തിൽ) തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനവകുപ്പ് അംഗീകാരം നൽകുന്നു .

Officer Category

| Sl.No. | Designation | Proposed Strength |
|---|---|---|
| 1 | General Manager(Technical) | 1 |
| 2 | Manager (Works) | 1 |
| 3 | Assistant Manager (Technical) | 3 |
| 4 | Superintendent (Finance) | 1 |
| 5 | Superintendent (HR) | 1 |
| 6 | Assistant Engineer | 3 |
| | **Total** | **10** |

Workmen Category

| Sl.No. | Designation | Proposed Strength |
|---|---|---|
| 1 | Charge-hand (E) | 1 |
| 2 | Charge-hand (P) | 1 |
| 3 | Chief Mechanic | 2 |
| 4 | Accountant | 1 |
| 5 | Assistant | 1 |
| 6 | Technical Assistant | 3 |
| 7 | Driver cum Attendant | 1 (On daily wages) |
| 8 | Security Assistant | 3 (On daily wages) |
| 9 | Mechanic | 10 |
| 10 | Electrician | 1 |
| 11 | Painter | 2 |
| 12 | Peon | 1 (On daily wages) |

| | | |
|---|---|---|
| 13 | Sweeper | 2 (On daily wages) |
| 14 | Work Assistant | 6 |
| | **Total** | **35** |

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

6. When file was cirulated for orders on creating 45 posts(38 permanent + 07 daily wages basis) required for the full operation of the Kerala Agro Machinery Corporation (KAMCO) Valiyavelicham Unit at Kannur, subject to the conditions specified by the Finance Department, the Honourable Chief Minister has ordered to place the matter before the Council of Ministers.

## POINT FOR DECISION

Whether orders may be issued creating 45 posts (38 permanent + 07 daily wage basis) for the full functioning of the Valiyavelicham Unit of Kerala Agro Machinery Corporation Limited at Kannur District, subject to the conditions specified by Finance Department at para 5 ante?